"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - പാലക്കാട് റെയിൽവേ മേൽപ്പാലനിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു.പാലക്കാട് സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം 10/11, 11/11 - സസ്പെൻസ് ഹെഡിൽനിന്നും അനുവദിച്ച തുക റീക്കൂപ്പ് ചെയ്യുന്നത് - തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.109/2025/PWD തിരുവനന്തപുരം, തീയതി 22-01-2025

---

പരാമർശം:- നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 15.06.2022 തീയതിയിലെ എഫ്.ആർ.6/13520/ 2019നം. കത്ത്.

**ഉത്തരവ്**

പാലക്കാട് റെയിൽവേ മേൽപ്പാലനിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു.പാലക്കാട് സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം 10/11, 11/11 എന്നീ കേസുകളുമായി ബന്ധപ്പെട്ട് സസ്പെൻസ് ഹെഡിൽനിന്നും അനുവദിച്ച തുക റീക്കൂപ്പ് ചെയ്യുന്നത് യഥാക്രമം 87,30,374/-, 64,10,911/- അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. ഈ സാഹചര്യത്തിൽ പാലക്കാട് റെയിൽവേ മേൽപ്പാലനിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു.പാലക്കാട് സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം 10/11, 11/11 എന്നീ കേസുകളുമായി ബന്ധപ്പെട്ട് സസ്പെൻസ് ഹെഡിൽനിന്നും അനുവദിച്ച തുക റീക്കൂപ്പ് ചെയ്യുന്നതിനു 1,51,41,285/- രൂപ (ഒരു കോടി അൻപത്തി ഒന്ന് ലക്ഷത്തി നാൽപത്തിഒന്നായിരത്തി ഇരുന്നൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) അധിക തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക '5054-04-337-80-PC' എന്ന ശീർഷകത്തിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീദേവി ഇ എസ്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, നിരത്തുകൾ വിഭാഗം, തിരുവനന്തപുരം.

ജില്ലാകളക്ടർ, പാലക്കാട്.

മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(I&PW-B3/22/2021-FIN dated 07.12.2024)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 22-01-2025 17:14:45
സെക്ഷൻ ഓഫീസർ